ഉത്തരം

(എ) ഇത്തരത്തിലുള്ള നിവേദനങ്ങൾ വനിതാ വാർഡർമാരിൽ നിന്ന് പലപ്പോഴായി ലഭിച്ചിട്ടുണ്ട്.

(ബി) സബ് ജയിലുകളിൽ സ്ത്രീ തടവുകാരെ പാർപ്പിക്കേണ്ട സന്ദർഭങ്ങളിലാണ് ഈ വനിതാ വാർഡർമാരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കേണ്ടിവരുന്നത്. ഇത്തരം സന്ദർഭങ്ങൾ വളരെ വിരളമായേ ഉണ്ടാകാറുള്ളൂ. ദീർഘകാല സർവ്വീസ് ലഭിച്ച ഇത്തരം വാർഡർമാർ ഇടവിട്ട് മാത്രം നിയമിക്കപ്പെട്ടവരാണ്. ഇവർക്ക് തുടർച്ചയായ ദീർഘകാല സർവ്വീസ് ഇല്ലാത്തതിനാൽ സ്ഥിരമായ ജോലിക്കോ വേതനത്തിനോ ഇവർ അർഹരല്ല. അതുകൊണ്ട് അവരെ സ്ഥിരപ്പെടുത്തേണ്ടുന്ന പ്രശ്നവും ഉദിക്കുന്നില്ല.

കായിലാണ്ടി പോലീസ് കാർട്ടേഴ്സിന്റെ അകാസിസിഷൻ നടപടി

1392 [2251] ശ്രീ. ഈ. നാരായണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിലാണ്ടി പോലീസ് കാർട്ടേഴ്സിന്റെ അകാസിസിഷൻ നടപടി എത്രത്തോളമായി;

(ബി) മേൽപ്പടി കാർട്ടേഴ്സിനു സ്ഥലം അകായർ ചെയ്യുന്നതിന് തുടർച്ചയായി ബഡ്ജറിൽ വകയിരുത്താൻ തുടങ്ങിയിട്ട് എത്ര കൊല്ലമായി;

(സി) അകാസിസിഷൻ നടപടി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കായിലാണ്ടി പോലീസ് കാർട്ടേഴ്സിനുവേണ്ടിയുള്ള അകാസിസിഷൻ നടപടി പൂർത്തിയായിട്ടില്ല. ഒരു പെറ്റിഷന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പു നടപടികൾ നിർത്തിവച്ചിരിക്കയാണ്.

(ബി) ഏഴുവർഷം.

(സി) സ്റ്റേ ഉത്തരവിൻമേൽ തീരുമാനം ഉണ്ടായിട്ടേ അകാസിസിഷൻ നടപടി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

ഫയർഫോഴ്സ് ഡയറക്ടറെക്കുറിച്ച് പരാതികൾ

1393 [2252] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് ഡയറക്ടറെക്കുറിച്ച് ഗവൺമെന്റിനു പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിപ്പാർട്ടുമെൻറ് വാഹനങ്ങളും മറ്റു സൗകര്യങ്ങളും ഡയറക്ടർ സ്വന്തം ആവശ്യങ്ങൾക്കും കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കുമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തി സത്യാവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കുമോ?

ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുകൊണ്ട് അന്വേഷണം നടത്തേണ്ട പ്രശ്നം ഉദിയ്ക്കുന്നില്ല.

കൊളമ്പോ പ്ലാൻ അനുസരിച്ച് ട്രെയിനിംഗിനയച്ച ഉദ്യോഗസ്ഥൻമാർ

1394 [2253] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളമ്പോ പ്ലാൻ അനുസരിച്ച് ഫയർഫോഴ്സിൽ നിന്നും ഉദ്യോഗസ്ഥൻമാരെ ട്രെയിനിംഗിനയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ ഏതെല്ലാം രാജ്യങ്ങളിൽ;

(ബി) ഈ ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുത്തതിൻെറ അടിസ്ഥാനമെന്ത്; ട്രെയിനിംഗ് വിവരം എല്ലാ ഓഫീസർമാരേയും സർക്കുലർ മുഖാന്തിരം അറിയിച്ചതിനുശേഷമാണോ ഉദ്യോഗസ്ഥൻമാരെ നിശ്ചയിച്ചത്; അല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

(സി) ഫയർഫോഴ്സ് ഡയറക്ടർ, ട്രെയിനിംഗിന് അയക്കേണ്ട ഉദ്യോഗസ്ഥൻമാരുടെ പാനൽ ശുപാർശസഹിതം ഗവൺമെൻറിന് സമർപ്പിച്ചിരുന്നുവോ; ആ പാനലിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പാനൽ ഉൾപ്പെടുത്തിയിരുന്നു?

ഉത്തരം

(എ) ഉണ്ട്. ഒരാളെ ജപ്പാനിലേക്ക് അയക്കുകയുണ്ടായി.

(ബി) ഉദ്യോഗസ്ഥൻമാരെ തിരഞ്ഞെടുക്കുന്നതിൻെറ അടിസ്ഥാനം വിദ്യാഭ്യാസ യോഗ്യത, ഫയർഫോഴ്സിൽ 3 വർഷത്തിൽ കൂടുതൽ സേവനം, പ്രായപരിധി, പരിശീലനം നടത്താനുള്ള ആരോഗ്യം എന്നിവയാണ്. ട്രെയിനിംഗ് വിവരം എല്ലാ ആഫീസർമാരേയും സർക്കുലർ മുഖാന്തിരം അറിയിച്ചിട്ടില്ല. ജപ്പാനിലെ ട്രെയിനിംഗിന് ഒന്നാമതായി നിർദ്ദേശിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസ യോഗ്യത നിയമബിരുദമാണ്. നിയമബിരുദമുള്ള ഒരാൾ മാത്രമേ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ആ ഉദ്യോഗസ്ഥൻെറ പേരുമാത്രമാണ് ശുപാർശ ചെയ്തിരുന്നത്.

(സി) ഒന്നാമതായി പറയുന്ന നിയമബിരുദമുള്ള ഒരാൾ മാത്രം ഉണ്ടായിരുന്നതുകൊണ്ട് പാനൽ അയച്ചിരുന്നില്ല. ഒരാളുടെ പേരുമാത്രമേ ശുപാർശ ചെയ്തിരുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly